**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4580** **01-07-2024 - ൽ മറുപടിയ്ക്ക്**

**ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്രമക്കേട് സംബന്ധിച്ച് ബഡ്സ് ആക്ട് പ്രകാരം റെഗുലേറ്ററെ നിയമിച്ചിട്ടുണ്ടോയെന്നും അവർ ആരാണെന്നും റെഗുലേറ്റർ എന്തൊക്കെ നടപടികൾ നാളിതുവരെ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്രമക്കേട് സംബന്ധിച്ച് ബഡ്സ് ആക്ട് പ്രകാരമുള്ള റെഗുലേറ്ററായി സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ അഡീഷണൽ രജിസ്ട്രാർ(ജനറൽ)നെ 26/06/2024 ലെ സ.ഉ(സാധാ)320/2024/സഹ നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. |
| (ബി) | മുഖ്യ പ്രതികളുടെ ബിനാമികളുടെ പേരിലുള്ള വസ്തുവകകൾ കണ്ടെത്തിയിട്ടും അവരെ പ്രതിപട്ടികയിൽ ഉൾപ്പെടുത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ; ബിനാമികളുടെ പേരിൽ വാങ്ങിയ വസ്തുവകകൾ എങ്ങനെ അറ്റാച്ച് ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) | ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കേരള സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ ക്രമക്കേടുകൾക്ക് ആരെല്ലാമാണ് ഉത്തരവാദികളെന്നും ഓരോരുത്തരും എത്ര രൂപ വീതം സംഘത്തിന് ബാദ്ധ്യത വരുത്തിയിട്ടുണ്ടെന്നും കണ്ടെത്തുന്നതിലേയ്ക്കായി കേരള സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും അന്വേഷണം തുടർന്ന് വരുന്നതുമാണ്. ടി അന്വേഷണം പൂർത്തിയായാൽ മാത്രമേ കുറ്റക്കാർക്കെതിരായി സഹകരണ നിയമ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. സംഘം അഡ്മിനിസ്ട്രേറ്റർ ഫയൽ ചെയ്ത ആർബിട്രേഷൻ കേസിന്റെയും ആയതിനെ തുടർന്ന് ഫയൽ ചെയ്ത ഇന്റർലോക്കുട്ടറി അപേക്ഷയുടെയും അടിസ്ഥാനത്തിൽ ടി ക്രമക്കേടിന് ഉത്തരവാദികൾ എന്ന് സംശയിക്കുന്ന വ്യക്തികളുടെയും അവരുടെ ബന്ധുക്കളുടെയും പേരിലുള്ള 216 വസ്തുക്കൾ കേരള സഹകരണ നിയമം വകുപ്പ് 78 പ്രകാരം കണ്ടീഷണൽ അറ്റാച്ച്മെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കടകംപള്ളി വില്ലേജിൽ ഇപ്രകാരം കണ്ടെത്തിയ എട്ട് ഏക്കർ ഭൂമി അറ്റാച്ച് ചെയ്യാൻ എന്തൊക്കെ | (സി) | ബി.എസ്.എൻ.എൽ. എഞ്ചിനീയേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്രമക്കേടുകളുമായി |

| | | | |
|---|---|---|---|
| | തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | ബന്ധപ്പെട്ട് സംഘം അഡ്മിനിസ്ട്രേറ്റർ ഫയൽ ചെയ്ത ആർബിട്രേഷൻ കേസിന്റെയും ആയതിനെ തുടർന്ന് ഫയൽ ചെയ്ത ഇന്റർലോക്കുട്ടറി അപേക്ഷയുടെയും അടിസ്ഥാനത്തിൽ ടി ക്രമക്കേടിന് ഉത്തരവാദികൾ എന്ന് സംശയിക്കുന്ന വ്യക്തികളുടെയും അവരുടെ ബന്ധുക്കളുടെയും പേരിൽ കടകംപള്ളി വില്ലേജിൽ ഉൾപ്പെട്ട വിവിധ സർവ്വെ നമ്പരിലുള്ള 245 ആർ വസ്തുക്കൾ കേരള സഹകരണ നിയമം വകുപ്പ് 78 പ്രകാരം കണ്ടീഷണൽ അറ്റാച്ച് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ